## പതിനാലാം കേരളനിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2982** **10.05.2017-ൽ മറുപടിക്ക്**

## കൊയിലാണ്ടി പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. കെ. ദാസൻ | | ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) | കൊയിലാണ്ടി പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിലും ട്രാഫിക്ക് പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിലും വിവിധ കേസുകളിൽ കസ്റ്റഡിയിലുള്ളതും പിടിച്ചിട്ടിരിക്കുന്നതുമായ എത്ര വാഹനങ്ങൾ ഉണ്ട് എന്നും ഇവ ഓരോന്നും എത്ര കാലമായി കസ്റ്റഡിയിലുള്ളതാണെന്നും വിശദമാക്കാമോ; | (എ) | കൊയിലാണ്ടി പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിലും കൊയിലാണ്ടി ട്രാഫിക് യൂണിറ്റിലുമായി വിവിധ കേസുകളുമായി ബന്ധപ്പെട്ട് പിടിച്ചെടുത്ത 91 വാഹനങ്ങൾ സൂക്ഷിച്ചു വരുന്നുണ്ട്. 2009 വർഷം മുതലുള്ള വാഹനങ്ങൾ ഇങ്ങനെ സൂക്ഷിച്ചു വരുന്നുണ്ട്. |
| (ബി) | അഞ്ച് വർഷവും അതിൽ കൂടുതലും കാലമായി പോലീസ് സ്റ്റേഷനിൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ എത്രയുണ്ട്? | (ബി) | 14 |
| (സി) | ഈ സ്റ്റേഷനുകളിൽ, തുരുമ്പെടുത്ത് നശിച്ചുപോയിട്ടുള്ള അനേകം വാഹനങ്ങളുടെ അവശിഷ്ടങ്ങൾ അടിഞ്ഞുകൂടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് നീക്കംചെയ്ത് സ്റ്റേഷൻ പരിസരം വൃത്തിയും വെടിപ്പുമുള്ളതായി സൂക്ഷിക്കാൻ എന്ത് നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വാഹനങ്ങൾ നീക്കം ചെയ്ത് കൊയിലാണ്ടി അരിക്കുളത്തുള്ള ഡിസ്ട്രിക്ട് ഹെഡ്ക്വാർട്ടേഴ്സിൽ (എ.ആർ. ക്യാമ്പ്) സൂക്ഷിക്കുന്നതിന് സംവിധാനം ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ